**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
**07 DECEMBER 2018**
**28 RABI'UL AWWAL 1440 AH**
**(IN MATHRA, KERALA, INDIA)**

# "UNITY OF MUSLIMS".
# മുസ്ലിം ഐക്യം

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **മുസ്ലിം ഐക്യം** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

നിങ്ങളെല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിക്കരുത്. നിങ്ങൾ പരസ്പരം ശത്രുക്കളായിരുന്നപ്പോൾ അല്ലാഹു നിങ്ങൾക്ക് ചെയ്തു തന്ന അനുഗ്രഹം സ്മരിക്കുക. അങ്ങനെ അവൻ നിങ്ങളുടെ ഹൃദയങ്ങളെ അന്യോന്യം ഇണക്കി. അതിന്റെ ഫലമായി അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായി തീർന്നു. നിങ്ങൾ ഒരു അഗ്നികുണ്ഠത്തിന്റെ വക്കിലായിരുന്നു. എന്നിട്ട് അതിൽ നിന്ന് അവൻ നിങ്ങളെ രക്ഷിച്ചു. ഇങ്ങനെ അല്ലാഹു തന്റെ കല്പനകൾ നിങ്ങൾക്ക് വിവരിച്ചു തരുന്നു. നിങ്ങൾ നേർമാർഗം പ്രാപിക്കുന്നതിനു വേണ്ടി (3:104)

അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹത്താൽ, ജമാഅത്ത് അഹ്മദിയ്യാ അൽ മുസ്ലിമീൻ സ്ഥാപനത്തിലൂടെയും, തുടർന്ന് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ സ്ഥാപനത്തിലൂടെയും, 2001 മുതൽ ആരംഭിച്ച ദൈവീക വെളിപാടുകളിലൂടെ, അല്ലാഹു (ത) അവന്റെ ശക്തി

പ്രഭാവം വ്യക്തമായി കാണിച്ചുകൊണ്ടിരിക്കുകയാണ്. അവന്റെ വാഗ്ദാനങ്ങളുടെ ശക്തിയും കഴിവും മൂലം അനേകം ഹൃദയങ്ങളെ ശരിയായ പാതയിൽ മാർഗദർശനം നല്കിക്കൊണ്ടിരിക്കുകയാണ്. അവന്റെ അടയാളങ്ങളുടെ സത്യതയും, ശക്തിപ്രഭാവവും, ദൃഷ്ടാന്തങ്ങളും, ഖലീഫത്തുല്ലാഹ്‌യും, ദൃഷ്ടാന്തമായി നിലകൊള്ളുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഇവിടെ ഇൻഡ്യയിൽ നിങ്ങൾ അനേകർ, കേരളത്തിലും തമിഴ്നാട്ടിലും, നേരായ പാതയിൽ മാർഗദർശനം നല്കപ്പെട്ടിരിക്കുന്നു. നിങ്ങളിൽ അനേകർക്ക് ഖലീഫത്തുല്ലായുടെ സത്യതയെപറ്റിയും ഈ നൂറ്റാണ്ടിലെ ദൃഷ്ടാന്തത്തെപറ്റിയും അല്ലാഹുവിൽ നിന്നുള്ള വ്യക്തമായ ദൃഷ്ടാന്തങ്ങളും ലഭിച്ചിട്ടുണ്ട്, മാശാ അല്ലാഹ്!

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ രൂപികരണത്തോടെ അല്ലാഹു (ത) ഒരു വളരെ മഹത്തായ ആത്മീയ വിപ്ലവമാണ് ഇവിടെ ഇൻഡ്യയിലും ലോകത്തിന്റെ മറ്റുഭാഗങ്ങളിലുമായി നടപ്പിൽ വരുത്തിയത്. തന്റെ ഖലീഫയെ പിന്താങ്ങിക്കൊണ്ട്, അവൻ പ്രത്യക്ഷപ്പെടുത്തുന്ന കൂടുതൽ കൂടുതൽ അടയാളങ്ങൾ, മഹത്വപൂർണ്ണമായ അവന്റെ ശക്തിപ്രഭാവം, നിങ്ങൾകാണാൻ ഇരിക്കുന്നതേയുള്ളു!

വിശുദ്ധഖുർആനിൽ അല്ലാഹു(ത) പറയുന്നു. വിശ്വസിച്ചവരെ, നിങ്ങളിൽ നിന്ന് ആരെങ്കിലും തന്റെ മതം വിട്ട് പുറത്തുപോകുന്നതായാൽ അല്ലാഹു (മറ്റ്) ഒരു ജനതയെ പകരം കൊണ്ടു വരുന്നതാണ്. അവൻ അവരെ സ്നേഹിക്കും. അവർ അവനേയും സ്നേഹിക്കും. അവർ സത്യവിശ്വാസികളുടെ നേരെ വിനയവും കാരുണ്യവും ഉള്ളവരും അവിശ്വാസികൾക്കെതിരിൽ ദൃഢചിത്തരുമായിരിക്കും. അവർ അല്ലാഹുവിന്റെ മാർഗത്തിൽ കഠിനാധ്വാനം ചെയ്യും. ഒരു ആക്ഷേപകന്റെയും ആക്ഷേപത്തെ അവർ ഭയപ്പെടുകയില്ല. ഇത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. താൻ ഇച്ഛിക്കുന്നവർക്ക് അവൻ അത് നല്കുന്നു. അല്ലാഹു ഔദാര്യത്തിൽ വിശാലതയുള്ളവനും എല്ലാം നല്ലവണ്ണം അറിയുന്നവനുമാകുന്നു. (5:55)

പല നിലയിലും, ഈ വെളിപാട്, വിശ്വാസികൾക്ക് ഒരു മുന്നറിയിപ്പാകുന്നു. മൗറിഷ്യസിൽ ഉണ്ടായ ദൈവീകദൃഷ്ടാന്തത്തിന്റെ ആരംഭത്തിലെ പ്രഥമ വിശ്വാസികൾക്ക് ഇതൊരു മുന്നറിയിപ്പുതന്നെ. നിങ്ങൾ എപ്പോഴും സൂക്ഷ്മതയുള്ളവരായിരിക്കണം. നിങ്ങളുടെ വിശ്വാസത്തെയും ഇസ്ലാമിനെയും സംരക്ഷിക്കുന്ന കാര്യത്തിൽ! നിങ്ങൾ കഠിനമായി യത്നിക്കേണ്ടതാണ്. വിശിഷ്യാ ഈ നൂറ്റാണ്ടിൽ!അല്ലാഹു(ത) തെരഞ്ഞെടുത്ത അവന്റെ ദൂതനായ ഖലീഫത്തുല്ലാഹ്യിലുള്ള വിശ്വാസം. നിങ്ങൾ ചെയ്ത ബൈഅത്തിൽ നിങ്ങൾ സദാ ഉറച്ചു നില്ക്കണം. നിങ്ങൾ ഖലീഫത്തുല്ലാഹ്യിൽ ബൈഅത്ത് ചെയ്തപ്പോൾ അല്ലാഹുവിന്റെ കരങ്ങളായിരുന്നു അതിലുണ്ടായിരുന്നത്. ഇത് തീർച്ചയായും വളരെ പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണ്.

നിങ്ങൾ ഒരു സുസംഘടിതമായ ഒരു സംഘമായി എപ്പോഴും നിലകൊള്ളണം. എന്തുതന്നെ സംഭവിച്ചാലും! ഭിന്നിക്കരുത്, ഭിന്നിച്ചാൽ നാം ഒന്നും നേടുകയില്ല. എന്നാൽ സുസംഘടിതമായി നിലനിന്നാൽ, ഇസ്ലാമിന്റെ മാതൃകസംഘമായി നിലകൊണ്ടാൽ, നാം വിജയത്തിലേക്ക് മുന്നേറും, അല്ലാഹുവിന്റെ അനുഗ്രഹങ്ങളും, ദിവ്യാത്ഭുതങ്ങളും നമ്മെ മുന്നോട്ടു നയിച്ചുകൊണ്ടിരിക്കും.

ഈ കാലഘട്ടത്തിലെ, ദൈവീക ദൃഷ്ടാന്ത ചരിത്രത്തിലെ, ഒരു പ്രത്യേകദിനത്തെ ഇന്ന് നാം ഓർക്കേണ്ടതായിട്ടുണ്ട്. അല്ലാഹു(ത) യുടെ നിർദ്ദേശപ്രകാരം ഔദ്യോഗികമായി, ഈ നൂറ്റാണ്ടിലെ മുഹ്യിദ്ദീൻ ആണ് എന്ന് പ്രഖ്യാപിച്ചത് ഇന്നേ ദിനത്തിലാണ്. വളരെ കുറച്ചു പേർക്കു മാത്രമാണ് ഇതറിയാവുന്നത്. 2003, ഡിസംബർ 06,07 തീയതികളിൽ തന്നെ ഈ നൂറ്റാണ്ടിലെ മിസിഹ/മസീഹ് ആണ് എന്നും അറിയിക്കുകയുണ്ടായി. ഇപ്പോഴും അല്ലാഹുവിൽ നിന്നുള്ള വെളിപാടുകളും നിർദ്ദേശങ്ങളും തുടർന്നുകൊണ്ടിരിക്കുന്നു എന്നത്, ഈ നൂറ്റാണ്ടിലെ ആദ്യകാല വിശ്വാസികളെ ഉറപ്പിച്ചു നിർത്തേണ്ടതു തന്നെയാണ്. അല്ലാഹു(ത) ആ നിലയിലാണ് പദ്ധതി ഇട്ടത്. 2010 ൽ

എനിക്ക് അല്ലാഹു(ത) നിർദ്ദേശങ്ങൾ നല്കുന്നതുവരെ ഈ കാര്യം സ്വകാര്യമായും രഹസ്യമായും വെയ്കുകയാണ്ടായി. 2010 സെപ്തംബർ 10ന് വെള്ളിയാഴ്ച ചെറിയ പെരുന്നാൾ ദിനത്തിൽ, ഈ നൂറ്റാണ്ടിലെ വാഗ്ദത്തമസീഹ് ആണെന്ന് പ്രഖ്യാപിക്കുവാൻ എനിക്ക് അല്ലാഹുവിൽ നിന്ന് നിർദ്ദേശം ലഭിക്കുകയുണ്ടായി. അതുപോലെ ഇതേ ദിനത്തിൽ ഹിജ്റ 15-ാം നൂറ്റാണ്ടിലെ മുജദ്ദിദാണ് എന്ന പ്രഖ്യാപനവും നടത്തുവാൻ അല്ലാഹു(ത) നിർദ്ദേശിക്കുകയുണ്ടായി. അൽഹംദുലില്ലാഹ്, സുമ്മ അൽഹംദുലില്ലാഹ്! തീർച്ചയായും അല്ലാഹുവിന്റെ വഴികൾ അസാധാരണങ്ങൾ തന്നെയാണ്.

നോക്കൂ! ഇപ്പോൾ, നിങ്ങൾ കേരളത്തിലും തമിഴ്നാട്ടിലുമുള്ള എന്റെ പ്രിയരെ, മുൻഗാമികളുടെ സ്ഥാനം ഇപ്പോൾ നിങ്ങൾക്ക് കിട്ടിയിരിക്കുകയാണ്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലൂടെ ഈ നൂറ്റാണ്ടിലെ ദൈവീക ദൃഷ്ടാന്തത്തിന്റെ മുൻഗാമികൾ നിങ്ങൾ സ്വയം ആയി തീർന്നിരിക്കുന്നു. ഇപ്പോൾ, ഇനി നിങ്ങൾ കൂടുതൽ ജാഗ്രതയിലായിരിക്കേണ്ടതാണ്. നിങ്ങളുടെ വിശ്വാസത്തെ കാത്തുസൂക്ഷിക്കുന്ന കാര്യത്തിൽ! നിങ്ങളുടെ കൈകളിൽ നിന്നും ഇസ്ലാമിന്റെ കയർ വഴുതിപോകാതെ മുറുകെ പിടിച്ചുകൊൾക.

ഇന്ന്, അല്ലാഹു (ത)യുടെ ദൃഷ്ടിയിൽ, നിങ്ങൾ ആദരണീയ പദവിയിൽ എത്തിച്ചേർന്നിരിക്കുകയാണ്. കാരണം നിങ്ങൾ ഈ നൂറ്റാണ്ടിലെ അവന്റെ മുഹ്യിദ്ദീനെ ഖലീഫത്തുല്ലായെ, ദൂതനെ, മസീഹിനെ അംഗീകരിച്ചിരിക്കുന്നു. ഇൻശാ അല്ലാഹ്! അല്ലാഹു(ത)യോടുള്ള എന്റെ വിനീത പ്രാർത്ഥന ഇതാണ്. ജീവിതപാതയിലെ സുഖദുഃഖങ്ങൾക്കിടയിൽ, നിങ്ങൾ അല്ലാഹുവിനോടും അവന്റെ ഖലീഫയോടും ചെയ്ത ഉടമ്പടി മറന്നുപോകാതിരിക്കുക. നിങ്ങൾ ചെയ്തിരിക്കുന്ന ഈ ഉടമ്പടി നിങ്ങൾ ഒരിക്കലും മറന്നുപോകരുത്. ഇസ്ലാമിനുവേണ്ടി, സഹീഹിൽ ഇസ്ലാമിനു വേണ്ടി നിങ്ങൾ ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലായുടെ കയ്യിലും, സർവ്വോപരി അല്ലാഹു

വിന്റെ കൈകളിലും അർപ്പിച്ച, ഈ ഉടമ്പടി സദാ ഓർക്കുക! ഇത് വളരെ പ്രധാനപ്പെട്ട ഒരു ഉടമ്പടി തന്നെയാണ്. നിങ്ങൾ അല്ലാഹുവിനെയും ഈ നൂറ്റാണ്ടിലെ അവന്റെ ഖലീഫത്തുല്ലാഹ്‌യേയും അനുസരിക്കുക. നിങ്ങൾക്ക് ഈ ലോകത്ത് ശാന്തി ലഭിക്കും. വരും ലോകത്തും! ഇൻശാ അല്ലാഹ്.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ നിയമങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നതിലൂടെ, ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലായിൽ വിശ്വാസം അർപ്പിച്ചതുകൊണ്ട്, നിങ്ങൾക്കിനി ഒരിക്കലും പ്രശ്നങ്ങൾ, പരീക്ഷണങ്ങൾ, പീഢനങ്ങൾ ഇവയൊന്നും ഉണ്ടാകുകയില്ല എന്ന് നിങ്ങൾ ഒരിക്കലും കരുതരുത്. തീർച്ചയായും നിങ്ങൾ ഈ പറയപ്പെട്ട കാര്യങ്ങളിലൂടെ കടന്നുപോകേണ്ടതായി വരും. കാരണം അല്ലാഹു (ത) നിങ്ങളുടെ വിശ്വാസത്തെ പരീക്ഷിക്കുന്നതാണ്. നിങ്ങളുടെ വിശ്വാസവുമായി എത്രത്തോളം നിങ്ങൾക്ക് നിലകൊള്ളുവാൻ കഴിയും എന്ന പരീക്ഷണമാണത്. അവൻ, അല്ലാഹു നന്മയുടെ ആളുകളെയും തിന്മകളുടെ ആളുകളെയും വേർതിരിക്കുന്നതാണ്. മനുഷ്യോത്പത്തി മുതൽ അവൻ ചെയ്തുകൊണ്ടിരിക്കുന്ന കാര്യമാണത്.

എന്റെ പ്രിയ അനുചരന്മാരെ! അല്ലാഹു(ത)യുടെ പ്രീയ ദാസരെ! ഇസ്ലാം മതത്തെയും നിങ്ങളുടെ വിശ്വാസത്തെയും നേരെയാക്കുക! നിങ്ങൾ അല്ലാഹുവിന്റെ യഥാർത്ഥ സഹായികളാവുക! നിങ്ങൾ പരസ്പരം സഹായികളാവുക! ആവശ്യക്കാരായ സഹോദരീസഹോദരന്മാരുടെ കൈകൾ വിട്ടുകളയരുത്! ആരുടെ ഹൃദയമാണോ കാരുണ്യത്താൽ ഭരിതമായിരിക്കുന്നത്, അവനാണ് അല്ലാഹുവിനോട് ഏറ്റവും ചേർന്നു നില്ക്കുന്നവൻ. അല്ലാഹുവിന്റെ തൃപ്തിക്കായി മറ്റുള്ളവർക്ക് സഹായഹസ്തം നീട്ടുന്നവനായിരിക്കും.

ഈ ലോകത്തിലെ ആഡംബരങ്ങളെ, കീർത്തികളെ! അന്വേഷിക്കാതിരിക്കുക. ഈ ആഡംബരങ്ങൾ/കീർത്തികൾ വെറും താത്ക്കാലികങ്ങളാണ്. അനന്തജീവിത കീർത്തികൾ അന്വേഷിക്കുക. അവി

ടെയാണ് നിങ്ങളുടെ ആത്മാവ് ഒരിക്കൽ വസിക്കുക. ഇൻശാ അല്ലാഹ്! നല്ലത് ചെയ്യുക, നല്ലതു ചിന്തിക്കുക, എല്ലായിടത്തും നന്മകൾ കാണുക. ഏറ്റവും നല്ലനിലയിൽ നിങ്ങളുടെ സഹോദരീ സഹോദരന്മാരെ തിരുത്തുക. ഒരു മുസ്ലിം എന്ന നിലയിലുള്ള അവന്റെ ആർജവത്തിന് കോട്ടം തട്ടാതെ! ആരും സമ്പൂർണ്ണരല്ല, നിങ്ങൾ ഓരോരുത്തരും ഇതു സംബന്ധമായി ചിന്തിച്ചാൽ മനസ്സിലാകും, മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങൾ മാപ്പ് ചെയ്യേണ്ടതാണെന്ന്, അല്ലാഹു(ത) നമ്മുടെ തെറ്റുകുറ്റങ്ങൾ മാപ്പ് ചെയ്യുന്നതുപോലെ, മാപ്പുകിട്ടുന്നത് നാം ആഗ്രഹിക്കുന്നതുപോലെ! ഇസ്ലാമിലെ നിങ്ങളുടെ സഹോദരീ സഹോദരന്മാരോട് നിങ്ങൾ ഔദാര്യമുള്ളവരാവുക. അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചെലവഴിക്കുമ്പോൾ, നിങ്ങൾ ദരിദ്രരാവുമെന്ന് നിങ്ങൾ കരുതരുത്. അങ്ങനെ ഒരിക്കലും ചിന്തിക്കരുത്! അല്ലാഹുവിന്റെ സ്നേഹവും കാരുണ്യവും പ്രതീക്ഷിച്ചുകൊണ്ട് തങ്ങളുടെ ധനം ചെലവഴിക്കുന്നവർ അല്ലാഹു(ത) അവരുടെ ധനത്തെ രണ്ട് മടങ്ങായോ, മൂന്നിരിട്ടിയായോ, അല്ലെങ്കിൽ അവർക്ക് സങ്കല്പിക്കുവാൻ കഴിയാത്ത തരത്തിലുള്ള ധനവർദ്ധനവ് നല്കുന്നതാണ്. അല്ലാഹു(ത)യ്ക്ക് വേണ്ടി തന്റെ ധനത്തെ ത്യാഗം ചെയ്യുന്നവർ, അവരുടെ ധനം ഒരിക്കലും പാഴായി പോവുകയില്ല. അവനുവേണ്ടി ഒരുക്കിവെച്ചിരിക്കുന്ന ധനത്തെക്കുറിച്ച് അല്ലാഹു(ത)യ്ക്ക് മാത്രമെ അറിയുകയുള്ളു. അത് ഈ ലോകത്തിലാകാം, അതിനേക്കാൾ കൂടുതൽ പരലോകത്തിലാകാം. അതറിഞ്ഞിരുന്നുവെങ്കിൽ അവൻ എല്ലാ ധനവും ത്യാഗം ചെയ്യുമായിരുന്നു. എന്നാൽ അല്ലാഹു(ത) എല്ലാം ആവശ്യപ്പെടുന്നില്ല. അവൻ ആവശ്യപ്പെടുന്നത് നിങ്ങൾ കുറച്ച് ചെലവഴിക്കുവാനാണ്. അവന്റെ ദീനിനെ ശക്തിപ്പെടുത്തുന്നതിനായി എന്നിട്ട് ലോകജനതയെ അവനിലേക്ക് മാത്രം എത്തിച്ചേരുവാനുള്ള വഴി തുറന്നുകൊടുക്കുവാനായി! അതായത് ഏകദൈവവിശ്വാസത്തിലേക്ക്.

അതുകൊണ്ട്, എന്റെ പ്രീയരെ! ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ, ഈ നൂറ്റാണ്ടിലെ ദൈവീക ദൃഷ്ടാന്തത്തിലെ, ഏറ്റവും ഭാഗ്യവാന്മാരായ ആളുകൾ നിങ്ങളാണ്. അവന്റെ വഴിയിൽ നിങ്ങളുടെ നല്ല

പ്രവർത്തനങ്ങൾ തുടരുക. അഭിപ്രായവ്യത്യാസങ്ങൾ ഉടലെടുത്താൽ നിങ്ങൾ മനസ്സിലാക്കുക, സാത്താന്റെ കടന്നു കയറ്റം നിങ്ങളിൽ ഉണ്ടായിരിക്കുന്നു. അവൻ ശപിക്കപ്പെട്ടവനാണ്. ഉടൻ തന്നെ അതിന് പരിഹാരം കണ്ടെത്തേണ്ടതാണ്. വിശ്വാസസഹോദരങ്ങൾ ഉടൻതന്നെ വീണ്ടും ഒന്നായിതീരേണ്ടതാണ്. അങ്ങനെ ഇസ്ലാമിനെ പൂർവ്വാധികം ശക്തിപ്പെടുത്തുക. ഇതിലാണ് ഇസ്ലാമിന്റെ ഭാവി വിജയം കുടികൊള്ളുന്നത്. ഇതിലാണ് നിങ്ങളുടെ മോക്ഷവും കൂടികൊള്ളുന്നത് എന്ന് തിരിച്ചറിയുക!

അല്ലാഹു(ത) വ്യക്തമാക്കിയതുപോലുള്ള ആളുകളായി നിങ്ങൾ മാറുക. അവർ അല്ലാഹുവിനെ സ്നേഹിക്കുന്നു. അല്ലാഹു അവരെ സ്നേഹിക്കുന്നു. വിശ്വാസികളോട് വിനയമുള്ളവരായിരിക്കും. അവിശ്വാസികൾക്ക് വഴങ്ങാത്തവരുമായിരിക്കും. ദൈവവഴിയിൽ സമരം ചെയ്യുന്നവരും, ഒരാക്ഷേപകന്റെയും ആക്ഷേപത്തെ ഭയപ്പെടാത്തവരുമായിരിക്കും.

ഓരോ ഹൃദയത്തെയും അറിയുന്നവനും, നിങ്ങളുടെ സൃഷ്ടാവുമായവനോടുള്ള സ്നേഹത്തോടെയും, ഭയത്തോടെയും, നല്ല പ്രവർത്തനങ്ങൾ തുടരുവാനുള്ള തൗഫീഖ്, നിങ്ങൾക്ക് ഓരോരുത്തർക്കും അല്ലാഹു(ത) പ്രദാനം ചെയ്യട്ടെ! ഇൻശാ അല്ലാഹ് ! ആമീൻ.

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*Ph : 9447001832, 6238065545*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*